## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *657

25. 05.2017 ൽ മറുപടിക്ക്

### കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.സി. ദിവാകരൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. മുഹമ്മദ് മുഹസിൻ .പി.** | | **ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ ഉൾക്കൊള്ളുന്ന കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) & (ബി) | കേരളത്തിലെ വ്യാവസായിക വികസനം മുന്നിൽ കണ്ട് കൊച്ചി - പാലക്കാട് ഹൈടെക്ക് വ്യവസായ ഇടനാഴിയെ ബാംഗ്ലൂർ വരെ ബന്ധിപ്പിച്ച് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ ഉൾപ്പെടുത്തിയിട്ടുള്ള ഒരു വ്യവസായ ഇടനാഴി രൂപീകരിക്കുക വഴി കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദന വർദ്ധനവും, സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് സർക്കാർ ഈ പദ്ധതി വിഭാവനം ചെയ്തുവരുന്നു. ഇതുസംബന്ധിച്ച പ്രാഥമിക രൂപരേഖ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനായി പൊതു മേഖലാ സ്ഥാപനമായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ എസ് ഐ ഡിസി) സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | | |
| (സി) | എത്ര കോടി രൂപയുടെ മുതൽമുടക്കാണ് പ്രസ്തുത പദ്ധതിയ്ക്കായി വേണ്ടതെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതിയുടെ അന്തിമ രൂപരേഖ തയ്യാറാക്കിയതിനുശേഷം മാത്രമേ പദ്ധതിച്ചെലവ് നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.